ചെയർമാനായിട്ട് അങ്ങ് ഒരാളെ നോമിനേറ് ചെയ്യണം. അങ്ങ് നോമിനേറ് ചെയ്തിട്ട് ആ വിവരം ഞങ്ങളെ അറിയിക്കണം. ഇവിടെ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാൻമാരായിട്ട് ചില മന്ത്രിമാർ ഇപ്പോഴും റിപ്പോർട്ട് അവതരിപ്പിച്ചു. ഇവർ ചെയർമാൻമാരായ വിവരം ഞങ്ങൾക്കറിയില്ല.

Mr. Speaker:—You are too technical.

VIII. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ.പി.എ. മജീദ്, ശ്രീമതി ഗൗരിയമ്മ എന്നിവരെ ഏഴാം കേരളനിയമസഭയുടെ 12-ാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതു സംബന്ധിച്ച്

ശ്രീ. ഇ.കെ. നായനാർ: നിയമസഭാ നടപടിച്ചട്ടത്തിലെ 303 പ്രകാരവും ഭരണഘടനയിലെ 202 പ്രകാരവും ഒരു പോയിന്റ് ഓഫ് ഓർഡർ ഞാൻ റെയിസ് ചെയ്യുകയാണ്. മുഖ്യമന്ത്രി ഇവിടെ അവതരിപ്പിക്കാൻ പോകുന്നത് 1986-87-ലെ ബഡ്ജറ്റിന്റെ ഒരു ഭാഗമായ ഡിമാൻഡ് നമ്പർ രണ്ടാണ്. കേരളാ ബഡ്ജറ് മാനുവലിലെ ഒന്നും രണ്ടും ഖണ്ഡികകളിൽ ബഡ്ജറിനെപ്പറ്റി നിർവ്വചിച്ചിട്ടുണ്ട്. അതുപോലെ ഭരണഘടനയിലും പറയുന്നുണ്ട്. Constitution of India, Article 202 (1):

The Governor shall in respect of every financial year cause to be laid before the House or Houses of the Legislature of the State a statement of the estimated receipt and expenditure of the State for that year, in this Part referred to as the "annual financial statement".

എന്നാൽ 15.63 കോടി രൂപയുടെ മിച്ചബഡ്ജറാണെന്ന് അവകാശപ്പെട്ടുകൊണ്ട് മുൻ ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി കഴിഞ്ഞ മാർച്ച് 21-ാം തീയതി ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ് വസ്തുതകളുടെ പിൻബലമില്ലാത്തതും നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതും ഭരണഘടനാവ്യവസ്ഥയെ ലംഘിക്കുന്നതുമാണെന്ന് ഒട്ടേറെ വിദഗ്ദ്ധൻമാർ അഭിപ്രായപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക വിദഗ്ദ്ധനെന്നു അറിയപ്പെടുന്ന ഡോ. കെ.എൻ. രാജ് ബഡ്ജറ് മിച്ചമാക്കിയതിനെക്കുറിച്ച് ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി ചെയ്ത പ്രസ്താവന തീർത്തും അയഥാർത്ഥമാണെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല തട്ടിപ്പുംകൂടിയാണെന്നു പറഞ്ഞിട്ടുണ്ട്. സാമ്പത്തികസ്ഥിതിയെക്കുറിച്ച് പ്രസ്താവന ചെയ്യുമ്പോഴും ഒരു മന്ത്രി നിയമസഭയെ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നതിനെതിരെ കേസ് കൊടുക്കുന്നതിനെക്കുറിച്ച് കോടതിയുടെ അഭിപ്രായം ആരായാവുന്നതാണെന്നും മലയാള മനോരമ ഏപ്രിൽ 24-ാം തീയതിറിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്രധനകാര്യസഹമന്ത്രി ശ്രീ. ജനാർദ്ദൻ പൂജാരി ഏപ്രിൽ 25-ാം തീയതി ലോകസഭയിൽ പറഞ്ഞു 1986-87-ലെ കേരളാ ബഡ്ജറ് 59.40 കോടി രൂപയുടെ കമ്മി ബഡ്ജറാ

LIBRARY ARCHIVES Kerala Legislative Assembly